**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1810 — 04.10.2016 -ൽ മറുപടിക്ക്

## ആകാശത്തൊട്ടിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഉത്സവ പ്രദേശങ്ങളിലും മറ്റും സംഘടിപ്പിക്കുന്ന ആകാശത്തൊട്ടിൽ, മരണക്കിണർ തുടങ്ങിയവയിൽ നിന്നുള്ള അപകടങ്ങൾ കാരണം കുട്ടികൾക്കും വിനോദസഞ്ചാരികൾക്കും പരിക്കേൽക്കുകയും ജീവഹാനി സംഭവിക്കുകയും ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളിലൊന്നും ഇത്തരം സംഭവം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ഇത്തരം സ്ഥലങ്ങളിൽ മതിയായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കാത്തതാണ് പലപ്പോഴും അപകടങ്ങൾക്ക് ഇടയാകുന്നതെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ ; | ബി) പ്രസ്തുത വിഷയം ഗൗരവമായി കാണുന്നുണ്ട്. |

സി) ഇവയ്ക്ക് അനുമതി നൽകുന്ന വേളയിലും തുടർന്നും ഈ കേന്ദ്രങ്ങളിൽ ഇത്തരം വിനോദോപാധികളുടെ ഏതെങ്കിലും തരത്തിലുള്ള പരിശോധന നടത്താറുണ്ടോ; ഇല്ലെങ്കിൽ ഇവയ്ക്ക് അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ കർശനമാക്കുന്ന കാര്യം പരിഗണിക്കുമോ?

സി) വിനോദസഞ്ചാര വകുപ്പിന്റെ കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്ന വിനോദ ഉപാധികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതിയും ഇൻഷ്വറൻസും കർശനമായും ഉറപ്പാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ